പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5790 — 05/07/2013 -ൽ മറുപടിക്ക്

**പൈതൃകമായി ലഭിച്ച സ്വത്ത് കൈമാറ്റത്തിൽ രജിസ്ട്രേഷൻ ഫീസിൽ ഇളവ് ലഭിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൈതൃകമായി ലഭിച്ച സ്വത്ത് കൈമാറ്റത്തിൽ രജിസ്ട്രേഷൻ ഫീസിൽ എന്ത് ഇളവാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | എ) കുടുംബാംഗങ്ങൾ - (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ) - ക്കിടയിലുള്ള ഭാഗപത്രങ്ങൾ, ഒഴിവു കുറികൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25,000/-രൂപ എന്ന പരിധിക്ക് വിധേയമായി, 1% ആയി ഏകീകരിച്ചിട്ടുണ്ട്.<br><br>കുടുംബാംഗങ്ങൾ - (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ) - ക്കിടയിലുള്ള ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25,000/-രൂപ എന്ന പരിധിക്ക് വിധേയമായി, 1%-ആയി ഏകീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഇളവ് സഹോദരങ്ങൾക്കു മാത്രമാണോ എന്നും ഇവരിൽ ഒരു സഹോദരൻ മരണപ്പെട്ടാൽ അവകാശികളായ ഭാര്യക്കും മകൾക്കും കൂടി ഈ ഇളവ് അനുവദിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ: | ബി) | മേൽപ്പറഞ്ഞ നിർവചനത്തിനു വിധേയമായി, ഭാഗപത്രാധാരങ്ങളുടെയും ഒഴിമുറികളുടെയും രജിസ്ട്രേഷനിൽ, മരണപ്പെട്ട മക്കളുടെയും സഹോദരങ്ങളുടെയും നിയമാനുസൃത അവകാശികൾക്കും, ടി ആനുകൂല്യം ലഭ്യമാണ്. |
| സി) | സ്വത്തിന്റെ അവകാശിയും മകനും മരണപ്പെട്ടാൽ ചെറുമകൾക്ക് ഈ സ്വത്ത് രജിസ്ട്രേഷൻ നടത്തുവാൻ ഫീസ് ഇളവ് ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ? | സി) | ലഭിക്കും. |

സെക്ഷൻ ഓഫീസർ.